***'CORRUPTION, A CRIME AGAINST NATION'***

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇമെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**
**തീയതി: 13.02.2023**

## "കൈക്കൂലി വാങ്ങുന്നതിനിടെ സീനിയർ ക്ലർക്കും, വില്ലേജ് ഓഫീസറും വിജിലൻസ് പിടിയിൽ"

10,000/-രൂപ (പതിനായിരം രൂപ) കൈക്കൂലി വാങ്ങുന്നതിനിടെ പാലക്കാട് ലാൻഡ് ട്രിബ്യൂണൽ ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീജിത്ത്.ജി.നായരും, പാലക്കാട് ജില്ലയിലെ, വെള്ളിനേഴി വില്ലേജ് ഓഫീസർ കെ.പി. നജുമുദ്ദീനും ഇന്ന് (13.02.2023) വിജിലൻസിൻറെ പിടിയിലായി. .

പാലക്കാട് ജില്ലയിലെ, വെള്ളിനേഴി സ്വദേശിയായ പരാതിക്കാരിയുടെ പേരിലുള്ള വസ്തുവിന്റെ പട്ടയം ലഭിക്കുന്നതിനായി കഴിഞ്ഞ ഡിസംബറിൽ ഒറ്റപ്പാലം താലൂക്ക് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പട്ടയം നൽകണമെങ്കിൽ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ തൊട്ടടുത്ത പുരയിടക്കാരായ രണ്ടുപേരുടെ സമ്മതപത്രം കൂടി നൽകണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് പരാതിക്കാരി സമ്മതപത്രവുമായി വെള്ളിനേഴി വില്ലേജ് ഓഫീസിൽ സാക്ഷ്യപ്പെടുത്തുന്നതിന് പലപ്രാവശ്യം ചെന്നിട്ടും സമ്മതപത്രം നൽകാതെ ഓരോ കാരണങ്ങൾ പറഞ്ഞ് പരാതിക്കാരിയെ തിരിച്ചയച്ചിരുന്നു. ഇപ്രകാരം ഇക്കഴിഞ്ഞ വെള്ളിയാഴ്ച വീണ്ടും വെള്ളിനേഴി വില്ലേജ് ഓഫീസർ കെ.പി. നജുമുദ്ദീനെ കണ്ടപ്പോൾ സമ്മതപത്രം നൽകണമെങ്കിൽ 12,000/- രൂപ കൈക്കൂലി നൽകണമെന്ന് പരാതിക്കാരിയോട് ആവശ്യപ്പെട്ടു. ഇത്രയും രൂപ എന്തിനാണെന്ന് ചോദിച്ചപ്പോൾ എനിക്ക് മാത്രമല്ല പട്ടയം അനുവദിക്കുന്നതിലേക്ക് ലാൻഡ് ട്രിബ്യൂണൽ ഓഫീസിലുള്ളവർക്കും കൂടി കൈക്കൂലി നൽകാനാണെന്ന് അറിയിക്കുകയും ചെയ്തു. തുടർന്ന് തുക കുറയ്ക്കാൻ ആവശ്യപ്പെട്ടപ്പോൾ 10,000/- രൂപയെങ്കിലും വേണമെന്ന് അറിയിക്കുകയും അങ്ങനെയാണെങ്കിൽ 10,000/- രൂപ പരാതിക്കാരി നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു.പരാതിക്കാരി ഈ വിവരം പാലക്കാട് വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ.എസ്. ഷംസുദ്ദീനെ അറിയിക്കുകയുണ്ടായി. തുടർന്ന് അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ഇന്ന് വില്ലേജ് ഓഫീസറെ കണ്ട പരാതിക്കാരി കൈക്കൂലി കൊണ്ടുവന്നിട്ടുണ്ട്

എന്നറിയിച്ചതിനെത്തുടർന്ന് സമ്മതപത്രം ഒപ്പിട്ട ശേഷം, പ്രസ്തുത സമ്മതപത്രവും കൈക്കൂലിയായ 10,000/- രൂപയും, ഒറ്റപ്പാലം ലാൻഡ് ട്രിബ്യൂണൽ ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീജിത്ത്.ജി.നായരെ ഏൽപിക്കണമെന്ന് പറഞ്ഞതനുസരിച്ച് പരാതിക്കാരി ഇന്ന് (13.02.2023) ഉച്ചയ്ക്ക് 1.15 മണിയോടെ ഒറ്റപ്പാലം ലാൻഡ് ട്രിബ്യൂണൽ ഓഫീസിലെത്തി സമ്മതപത്രവും, പണവും ശ്രീജിത്തിന് ഓഫീസിൽ വച്ച് നൽകിയപ്പോൾ സമ്മതപത്രം വാങ്ങിയ ശേഷം ആളുകൾ നിൽക്കുന്നതിനാൽ പണം ഓഫീസിന് പുറത്തുവച്ചിട്ടുള്ള ബൈക്കിൻറെ ടാങ്ക് കവറിൽ വൈക്കാൻ ആവശ്യപ്പെട്ടു. അത് പ്രകാരം പരാതിക്കാരി 10,000/- രൂപ ഓഫീസിന് പുറത്ത് ശ്രീജിത്ത് പറഞ്ഞ ബൈക്കിൽ വൈക്കുകയും ചെയ്തു. തുടർന്ന് അൽപസമയത്തിന് ശേഷം ശ്രീജിത്ത് പുറത്തിറങ്ങി പരാതിക്കാരി ബൈക്കിൽ വച്ച 10,000/- രൂപ എടുത്ത് പോക്കറ്റിലിട്ട സമയം ഡി.വൈ.എസ്.പി ശ്രീ..എസ്.ഷംസുദ്ദീന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം ശ്രീജിത്ത്.ജി.നായരെയും, തുടർന്ന് വെള്ളിനേഴി വില്ലേജ് ഓഫീസർ കെ.പി.നജ്ജുമുദ്ദീനെയും പിടികൂടുകയാണ് ഉണ്ടായത്. അറസ്റ്റ് ചെയ്ത പ്രതികളെ ഇന്ന് (13.02.2023) തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ വിജിലൻസ്, പാലക്കാട് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ.എസ്. ഷംസുദ്ദീനെ കൂടാതെ ഇൻസ്പെക്ടർമാരായ ശ്രീ. ഗിരിലാൽ, ഫറോസ്, സബ് ഇൻസ്പെക്ടർമാരായ ശ്രീ. ബി. സുരേന്ദ്രൻ, മനോജ്കുമാർ, മണികണ്ഠൻ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ ശ്രീ.ബിനു, ശ്രീ. ബൈജു, എസ്.സി.പി.ഒമാരായ രമേശ് പി. ആർ, സലേഷ്, സി.പി.ഒ മാരായ പ്രമോദ്, ബാലകൃഷ്ണൻ, സിന്ധു.എം എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം, ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.